ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇന്നലെ എം. എൽ. എ. കാർട്ടേഴ്സിലെ സ്റ്റാഫിൽപ്പെട്ട ഒരാൾ ബോധക്ഷയമായി വീഴുകയും ഡാക്ടരുടെ അഭിപ്രായപ്രകാരം തിരുവനന്തപുരം ജനറലാശുപത്രിയിലേക്ക് നീക്കം ചെയ്യുകയും ചെയ്തു. ആശുപത്രിയിൽ കൊണ്ടുപോയശേഷം അരമണിക്കൂർ നേരം ആരും ശ്രദ്ധിക്കാനില്ലാതെ പുറത്തുകിടക്കുന്നതിനുള്ള പരിതഃസ്ഥിതിയുണ്ടായി. അവിടത്തെ നേഴ്സുകളോട് പറഞ്ഞപ്പോൾ കുറെയെല്ലാം അങ്ങനെ കിടക്കേണ്ടിവരുമെന്ന ദയവില്ലാതെ പറയുകയും ബെഡ്വേണമെങ്കിൽ മറ്റു ചിലതും ചെയ്യേണ്ടിവരുമെന്ന പറയുന്ന സ്ഥിതിയും ഇന്നലെയുണ്ടായി. ജനറലാശുപത്രിയിലെ ഡാക്ടർമാരുടെയും, നേഴ്സുകളുടെയും സ്ഥിതി ഇതാണെങ്കിൽ സാധാരണ ഉൾപ്രദേശങ്ങളിലെ സ്ഥിതി എന്തായിരിക്കുമെന്നുള്ളതിനെ പരിഗണിച്ച് ഇങ്ങനെയുള്ള ഘട്ടങ്ങളിലെങ്കിലും മാനുഷികമായ പരിഗണനകളോടുകൂടി രോഗികളോട് പെരുമാറണമെന്ന ആശുപത്രി ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഞാനിതു ഇന്നലെ രാത്രിതന്നെ അറിഞ്ഞു. എം. എൽ. എ. കാർട്ടേഴ്സിലെ ജോലിക്കാരനല്ല, ജോലിക്കാരന്റെ മകനാണ്. ഏഴേകാൽ മണിക്ക് ആശുപത്രിയിൽ കൊണ്ടുപോയി. രണ്ടോ, മൂന്നോ ഡാക്ടർമാർ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു. അവർ ഏതോ എമർജൻസി കേസിൽ ആപ്പറേഷൻ തീയേറ്ററിൽ ആയിരുന്നു എന്നാണെന്റെ അറിവ്. ഒരു അരമണിക്കൂർനേരം അന്വേഷിക്കാൻ താമസം നേരിട്ട എന്നായിരുന്നു പരാതി. ഇതിനെപ്പറ്റി അന്വേഷണം നടത്താൻ ഏർപ്പാടുചെയ്തിട്ടുണ്ട്. എന്തെങ്കിലും കുറ്റം ജീവനക്കാരുടെ പേരിലുണ്ടെങ്കിൽ തീർച്ചയായും നടപടി എടുക്കുന്നതാണ്.

ശ്രീ. കെ. അനിരുദ്ധൻ : കാളറാവാർഡിൽ ജോലിചെയ്യുവർ പെട്ടെന്നു പകർച്ചവ്യാധി പിടിച്ചേക്കാവുന്ന തരത്തിലുള്ള ജോലിയാണ് ചെയ്യുതെന്നുള്ളതിനെ പരിഗണിച്ചും, അതേ സ്വഭാവത്തിലുള്ള പബ്ലിക്ക് ഹെൽത്തുലാബറട്ടറിയിലേയും, കാർപ്പറേഷനിലേയും ജീവനക്കാർക്ക് റിസ്ക്ക് അലവൻസോ, അല്ലെങ്കിൽ പ്രത്യേക അലവൻസോ കൊടുത്തിട്ടുണ്ടെന്നുള്ളതിനെ പരിഗണിച്ചും ജനറലാശുപത്രിയിൽ ജോലിചെയ്യുവർക്ക് അലവൻസു കൊടുക്കുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഞാൻ നേരത്തെ ഒരു ചോദ്യത്തിനു പറഞ്ഞ മറുപടി ബഹുമാനപ്പെട്ട മെമ്പർ കേട്ടില്ലെന്നു തോന്നുന്നു. ആർക്കും തന്നെ റിസ്ക്കലവൻസു കൊടുത്തിട്ടില്ല. ഓവർടൈം ജോലി ചെയ്യാൻ നിർബന്ധിതമായ കാരണത്താലാണ് ചിലർക്ക് അലവൻസ് കൊടുത്തതു്. മറ്റു ആർക്കെല്ലാം കൊടുക്കണമെന്നു ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ആത്മഹത്യചെയ്തുവെന്ന കേസ്സ്.

* 908. [49] ശ്രീ. സി. അച്യുതമേനോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുകുന്ദപുരം താലൂക്കിൽ പൊറത്തിശ്ശേരിവില്ലേജ് എലമ്പലക്കാട്ടു കുമാരൻ മകളും വെള്ളാങ്ങല്ലൂർ ദേശത്തു വാരിക്കാട്ടിൽ രാമൻ മകൻ പാപ്പുട്ടി എന്ന ആളിന്റെ ഭാര്യയുമായ ദേവകി എന്ന സ്ത്രീ 2–11–1963–ൽ ആത്മഹത്യ ചെയ്തു എന്ന ഒരു കേസ്സ് ഉണ്ടായിട്ടുണ്ടോ ;

(ബി) പ്രസ്തുത മരണം ആത്മഹത്യയല്ലെന്നും കൊലപാതകമാണെന്നും സംശയിച്ചുകൊണ്ട് അന്വേഷണം നടത്താനുള്ള ഹർജികൾ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ആരോപണത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണഫലമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

സംശയാസ്പദമായ മരണത്തെപ്പറ്റി അന്വേഷണം

* 909. [50] ശ്രീ. എം. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര താലൂക്ക് അഴിയൂർ അംശത്തിലെ നാരായണിയുടെ മരണം സംശയാസ്പദമായ നിലയിലാണെന്നും ആകയാൽ അതുസംബന്ധമായി അന്വേഷണം നടത്തണമെന്നും കാണിച്ചുകൊണ്ട് മരിച്ച നാരായണിയുടെ അമ്മാമനായ ചന്തമ്മനിൽനിന്നു വല്ല ഹർജിയും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതുസംബന്ധമായി നടത്തിയ അന്വേഷണഫലം എന്താണ് ;

(സി) നാരായണിയുടെ ശവം പോസ്റ്റുമാർട്ടം നടത്തിയതു് ഏതു് ആശുപത്രിയിൽ വച്ചാണ് ;

(ഡി) പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നതു്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഉണ്ട്.

(ബി) അന്വേഷണത്തിൽ മുങ്ങിമരിച്ചതാണെന്നു തെളിഞ്ഞിട്ടുണ്ട്.

(സി) മയ്യഴി ആശുപത്രിയിൽ.

(ഡി) പോസ്റ്റുമാർട്ടം സർട്ടിഫിക്കറിൽ മുങ്ങിമരിച്ചതാണെന്നും സംശയകരമായ യാതൊന്നുമില്ലെന്നും മെഡിക്കൽ ആഫീസർ സർട്ടിഫൈ ചെയ്തിട്ടുണ്ട്.

ശ്രീ. എം. കൃഷ്ണൻ : അക്ടോബർ 30-ാം തീയതി ഒരു മരണത്തെ സംബന്ധിച്ചു് ഞാൻ ഒരു ഷാർട്ടനോട്ടീസ് ചോദ്യം അയച്ചിരുന്നു. അതു കൊല പാതകമാണെന്നു ധാരാളം തെളിവുള്ളതുകൊണ്ടു് അതിനെ സംബന്ധിച്ചു് പ്രത്യേകം അന്വേഷണം നടത്തുന്നതിനു ദയവുണ്ടാകുമോ ?

ശ്രീ. പി. ടി. ചാക്കോ : ഈ ചോദ്യം വേറൊരു കാര്യത്തെ സംബന്ധിച്ചാണ്. ഇതു് കണ്ടുപിടിച്ചതു് മാഹി പോലീസാണ്. വീട് നമ്മുടെ സ്റ്റേറിലായതുകൊണ്ട ഇവിടെയും അന്വേഷിച്ചു.

ശ്രീ. ഈ. പി. ഗോപാലൻ : ഇതു പോലെയുള്ള കാര്യങ്ങളിൽ വീണ്ടും അന്വേഷണം നടത്തണമെന്നു പറയാതിരിക്കണമെന്നു വിചാരിച്ചു് ചോദിക്കുകയാണ്. ഈ കാര്യത്തിൽ ഡാക്ടറുടെ സർട്ടിഫിക്കറു മാത്രമാണോ ആധാരമാക്കുന്നതു്. അങ്ങനെയാണെങ്കിൽ അതു് ഇവിടെ ചോദിക്കാതെ വേറേ എവിടെയെങ്കിലും അന്വേഷിച്ചറിയാം. ഡാക്ടർ സർട്ടിഫൈ, ചെയ്തിട്ടുണ്ടെന്നുള്ള രീതിയിൽ മാത്രമാണോ ഈ കാര്യത്തിൽ അന്വേഷണം നടത്തുക ?

LIBRARY ARCHIVES Kerala Legislative Assembly